"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ കാണാതായവരുടെ ആശ്രിതർക്കുള്ള ധനസഹായം അനുവദിക്കുന്നതിനായി ശുപാർശകൾ സമർപ്പിക്കുന്നതിന് സമിതികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.25/2025/DMD തീയതി,തിരുവനന്തപുരം, 13-01-2025

---

പരാമർശം:-
1. സഉ(കൈ)നം.8/2024/ഡിഎംഡി തീയതി 14/08/2024
2. സർക്കുലർ നമ്പർ PAN/25702/2018-B1(DP) തീയതി 10.11.2019
3. വയനാട് ജില്ലാകളക്ടറുടെ 07/11/2024 ലെ DCWYD/6480/2024/DM3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് മേപ്പാടി പഞ്ചായത്തിൽ 30/07/2024 ന് ഉരുൾപൊട്ടൽ സംഭവിച്ച ഉടൻ തന്നെ രക്ഷാപ്രവർത്തനങ്ങൾ ആരംഭിക്കുകയും സൈന്യം, പോലീസ്, ഫയർഫോഴ്സ്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ കാണാതായവർക്ക് വേണ്ടി തിരച്ചിലുകൾ ആരംഭിക്കുകയും ചെയ്തു. തെരച്ചിൽ നിലവിലും തുടരുന്നുവെങ്കിലും ദുരന്തത്തിൽപ്പെട്ട ചില വ്യക്തികളെ ഇനിയും കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹമായ exgratia ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും Next of Kin ആയവർക്ക് നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ധനസഹായം വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ കാണാതായവരുടെ ആശ്രിതർക്കും അടിയന്തിരമായി അനുവദിക്കേണ്ടതായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വയനാട് മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ കാണാതായവരുടെ ആശ്രിതർക്കുള്ള ധനസഹായം അനുവദിക്കുന്നതിനായി കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കുന്നതിന് ഉരുൾ പൊട്ടലിൽ കാണാതായവരുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എഫ് .ഐ .ആർ വിശദാംശങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിക്കേണ്ടതാണ്. പ്രസ്തുത എഫ് .ഐ .ആർ പരിശോധിച്ച് പ്രത്യക അന്വേഷണറിപ്പോർട്ട് തയ്യാറേക്കേണ്ടതും പ്രസ്തുത റിപ്പോർട്ടിൽ കാണാതായ വ്യക്തിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല / കാണാതായി എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. മേൽ പ്രകാരം നടപടികൾ സ്വീകരിച്ച് കാണാതായവരുടെ പട്ടിക തയ്യാറാക്കുന്നതിന് താഴെപറയുന്ന പ്രാദേശികതലസമിതി രൂപീകരിക്കുന്നു .

**<u>പ്രാദേശിക തല സമിതി</u>**

വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, സ്റ്റേഷൻ ഹൌസ് ഓഫീസർ എന്നിവർ അംഗങ്ങൾ

മേൽ പ്രാദേശിക തല സമിതി കാണാതായവരുടെ പട്ടിക തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ആയത് പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം സംസ്ഥാനതല സമിതിക്ക് സമർപ്പികേണ്ടതുമാണ്. ഇപ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ശുപാർശചെയ്ത് സമർപ്പിക്കുന്ന പട്ടിക സൂക്ഷ്മ പരിശോധന നടത്തുന്നതിന് താഴെപറയും പ്രകാരം സംസ്ഥാനതല സമിതി രൂപീകരിക്കുന്നു .

<u>**സംസ്ഥാനതല സമിതി**</u>

അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം)
പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ& ദുരന്തനിവാരണം)
പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം)

സംസ്ഥാന തല സമിതിയുടെ യുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതും, പട്ടികയിൽ ഉൾപ്പെട്ട കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കി അടുത്ത ബന്ധുക്കൾക്ക് ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ് .

സംസ്ഥാനതല സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കാണാതായവർക്ക് മരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് പരാമർശം(2) സർക്കുലറിലെ താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

1. ഒരു വ്യക്തിയെ പ്രകൃതി ദുരന്തത്തിൽ കാണാതായതു സംബന്ധിച്ച റിപ്പോർട്ട്/പ്രഥമ വിവര റിപ്പോർട്ട് പ്രസ്തുത വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധു അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്യേണ്ടതാണ്. വ്യക്തിയെ കാണാതായതു മറ്റൊരു സ്ഥലത്താണെങ്കിൽ ആ സ്ഥലത്തെ പോലീസ് സ്റ്റേഷനിലേക്കും ഇത് റഫർ ചെയ്യേണ്ടതാണ്.

2. വ്യക്തിയെ കാണാതായതു സംബന്ധിച്ച് ഏറ്റവും അടുത്ത ബന്ധു നൽകിയതും നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയതുമായ സത്യവാങ്മൂലം സ്ഥിരരേഖയായി സൂക്ഷിക്കേണ്ടതാണ്.

3. പ്രഥമ വിവര റിപ്പോർട്ട്/ വ്യക്തിയെ കാണാതായതു സംബന്ധിച്ച റിപ്പോർട്ട് ദുരന്ത◌ം നടന്ന സ്ഥലത്തെ ചുമതലയുള്ള ഉദ്യോഗസ്ഥന് (തഹസിൽദാർ/സബ്ഡിവിഷണൽ മജിസ്ട്രേറ്റ്) പോലീസിന്റെ റിപ്പോർട്ട◌ു◌ം, റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് മുതലായ തിരിച്ചറിയൽ രേഖകളും സഹിതം അയച്ചുകൊടുക്കേണ്ടതാണ്.

4. കാണാതായ വ്യക്തിയെ സംബന്ധിച്ച തഹസിൽദാർ/സബ്ഡിവിഷണൽ മജിസ്ട്രേറ്റ് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

5 . മേൽപ്പറഞ്ഞ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ/സബ്ഡിവിഷണൽ മജിസ്ട്രേറ്റ്, കാണാതായ വ്യക്തിയെ മരണപ്പെട്ടതായുള്ള താൽക്കാലിക നിഗമനം സംബന്ധിച്ച കാര്യകാരണ സഹിതം ഉള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

6 . മേൽ വിവരിച്ച പ്രകാരം മരണപ്പെട്ടതായി പ്രഖ്യാപിക്കുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ട വ്യക്തികളുടെ പട്ടിക തയ്യാറാക്കി ദിനപത്രത്തിലും ഔദ്യോഗിക ഗസറ്റിലും സർക്കാർ വെബ് സൈറ്റിലും ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

7. ആക്ഷേപാഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്.

8. നിർദ്ദിഷ്ട സമയപരിധിക്കകം ആക്ഷേപാഭിപ്രായങ്ങൾ ലഭിക്കാത്ത പക്ഷം ബന്ധപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി വിശദ വിവരങ്ങൾ ഉൾപ്പെടെയുള്ള ഉത്തരവ് തഹസിൽദാർ/സബ്ഡിവിഷണൽ മജിസ്ട്രേറ്റ് ജനന മരണ രജിസ്ട്രാർക്ക് നൽകേണ്ടതും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ മരണം രജിസ്റ്റർ ചെയ്ത് മരണ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്.

9. മരിച്ചയാളിന്റെ അടുത്ത ബന്ധുവിന് മരണ സർട്ടിഫിക്കറ്റ് സൗജന്യമായി നൽകേണ്ടതും പ്രഥമ വിവര റിപ്പോർട്ട് ഫയൽ ചെയ്ത പോലീസ് സ്റ്റേഷനിലേക്ക് സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കേണ്ടതുമാണ്.

10. ആക്ഷേപാഭിപ്രായങ്ങൾ ലഭിക്കുന്ന കേസുകളിൽ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്നതും തഹസിൽദാർ/സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ തൊട്ടു മുകളിലുള്ളതുമായ ഉദ്യോഗസ്ഥൻ ആക്ഷേപാഭിപ്രായങ്ങൾ സംബന്ധിച്ച് കാര്യകാരണ സഹിതമുള്ള വിശദമായ ഉത്തരവ് തഹസിൽദാർ/സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് അയച്ചുകൊടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഉത്തരവ് നൽകുകയോ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്.

11. ദുരന്ത സമയത്ത് ദുരിതബാധിത ഗ്രാമങ്ങളിൽപ്പെട്ടുപോയ മറ്റ് ജില്ലകളിലെ താമസക്കാരേയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളേയും സംബന്ധിച്ച നടപടിക്രമങ്ങളിൽ കാണാതായതും മരിച്ചതായി കരുതപ്പെടുന്നതുമായ വ്യക്തിയുടെ അടുത്ത ബന്ധുക്കളോ കാണാതായ വ്യക്തിയെ സംബന്ധിച്ച റിപ്പോർട്ട്/എഫ്.ഐ.ആർ സമർപ്പിക്കേണ്ടതും, ദുരന്തബാധിത പ്രദേശങ്ങളിൽ കാണാതായ വ്യക്തിയെ സംബന്ധിച്ച റിപ്പോർട്ട്/എഫ്.ഐ.ആർ ഇതിനകം ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ നിയുക്ത ഉദ്യോഗസ്ഥൻ കാണാതായ വ്യക്തിയുടെ സ്വന്തം ജില്ലയിലെ/സംസ്ഥാനത്തെ താമസസ്ഥലത്തെ പോലീസ് സ്റ്റേഷന്റെ എസ്.എച്ച്.ഒ യ്ക്ക് അന്വേഷണത്തിന് കൈമാറേണ്ടതും രജിസ്ട്രേഷനായി മേൽ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം)

പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ-ദുരന്തനിവാരണം)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാകളക്ടർ, വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 13-01-2025 17:01:41
സെക്ഷൻ ഓഫീസർ